പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3921 21.6.2018 -ൽ മറുപടിയ്ക്ക്

**വിനോദസഞ്ചാര സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ. ആർ രാമചന്ദ്രൻ<br>ശ്രീ.ഇ.ടി ടൈസൺ മാസ്റ്റർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. കെ.രാജൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) | |
|---|---|---|---|
| എ) | പ്രത്യേക സീസണിൽ മാത്രം ഒതുങ്ങിനില്ക്കുന്ന കേരള വിനോദസഞ്ചാരത്തെ വർഷം മുഴുവനായും വ്യാപിക്കുന്ന ഒന്നാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | എ) | പ്രത്യേക സീസണിൽ മാത്രം ഒതുങ്ങിനില്ക്കുന്ന കേരള വിനോദസഞ്ചാരത്തെ വർഷം മുഴുവനും വ്യാപിക്കുന്ന ഒന്നാക്കി മാറ്റുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്. ഇതിനായി കഴിഞ്ഞ വർഷം തന്നെ നടപടികൾ തുടങ്ങി കഴിഞ്ഞു. ഓഫ് സീസൺ പ്രൊമോഷൻ കാമ്പയിൻ (ഏപ്രിൽ-ഓഗസ്റ്റ്), മിഡിൽ ഈസ്റ്റ് കാമ്പയിൻ (ജൂൺ-നവംബർ), പ്രൊമോഷൻ കാമ്പയിൻ ഇൻ യൂറോപ്പ് (നവംബർ മുതൽ), ഇന്റർനാഷണൽ മാർക്കറ്റ് കാമ്പയിൻ (ഡിസംബർ-മാർച്ച്), സൗത്ത് ഈസ്റ്റ് ഏഷ്യൻ കാമ്പയിൻ എന്നിവ വർഷം മുഴുവനും നീണ്ടു നിൽക്കുന്ന കേരള വിനോദസഞ്ചാരത്തെ ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്നു. |
| ബി) | സംസ്ഥാനത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ വിപുലപ്പെടുത്തുന്നതിനും വിനോദസഞ്ചാര പ്രചരണത്തിനും സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | ബി) | സംസ്ഥാനത്തിന്റെ വിനോദസഞ്ചാര സാദ്ധ്യതകൾ വിപുലപ്പെടുത്തുന്നതിനും വിനോദസഞ്ചാര പ്രചരണത്തിനുമായി സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കഴിഞ്ഞ വർഷത്തിൽ ടൂറിസം വകുപ്പ് നടത്തിയ കാമ്പയിനുകൾ ഇതിന് ഉദാഹരണമാണ്. ഓഫ് സീസൺ പ്രൊമോഷൻ കാമ്പയിൻ എന്ന പേരിൽ വിവിധ സംസ്ഥാനങ്ങളിൽ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. മധ്യ ഏഷ്യൻ രാജ്യങ്ങളായ ദുബായ്, സൗദി, ഒമാൻ, കുവൈത്ത് എന്നീ രാജ്യങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ മിഡിൽ ഈസ്റ്റ് കാമ്പയിൻ, യൂറോപ്യൻ രാജ്യങ്ങളായ ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി എന്നീ രാജ്യങ്ങളിൽ നടത്തിയ യൂറോപ്യൻ കാമ്പയിൻ, അമേരിക്കൻ കാമ്പയിൻ, സിംഗപ്പൂർ-മലേഷ്യൻ കാമ്പയിൻ, |

| | | | |
|---|---|---|---|
| | | | ആസ്ട്രേലിയൻ-ന്യൂസീലന്റ് കാമ്പയിൻ എന്നിവ കേരള വിനോദസഞ്ചാരത്തിന് വേണ്ടി സംഘടിപ്പിക്കുകയുണ്ടായി. ഈ രാജ്യങ്ങളിൽ എല്ലാം തന്നെ പത്രങ്ങളിലും മാസികകളിലും പ്രിന്റ് കാമ്പയിനും സംഘടിപ്പിച്ചു. ഇന്ത്യയിലെ പ്രമുഖ പട്ടണങ്ങളിൽ പാർട്ട്ണർഷിപ്പ് മീറ്റ് സംഘടിപ്പിക്കുകയും വിവിധ പ്രമുഖ ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുകയും ചെയ്തു. മാത്രമല്ല പ്രമുഖ വിദേശ രാജ്യങ്ങളിലും വകുപ്പ് നേരിട്ട് റോഡ് ഷോകൾ സംഘടിപ്പിച്ചു പ്രമുഖ അന്താരാഷ്ട്ര ട്രേഡ് ഫെയറുകളിലും B2B മീറ്റുകളിലും പങ്കെടുത്ത് പ്രചരണ പരിപാടികൾ നടത്തിയിരുന്നു. വിവിധ വിദേശ രാജ്യങ്ങളിലെ പ്രമുഖ ബ്ലോഗർമാരെ പങ്കെടുപ്പിച്ച് കേരള ബ്ലോഗ് എക്സ്പ്രസ് സംഘടിപ്പിച്ചു. 2018-19 വർഷം കേരള ടൂറിസം, കേന്ദ്ര ടൂറിസം മന്ത്രാലയം-ആയുഷ്, ATTOI നേതൃത്വത്തിൽ യോഗ അംബാസിഡർ ടൂറും സംഘടിപ്പിച്ചു |
| സി) | കടൽത്തീരം, ചരിത്രം, പൈതൃകം, സാംസ്കാരികം, വനം, പരിസ്ഥിതി വിഭവങ്ങൾ, മെഡിക്കൽ തുടങ്ങി കേരളത്തിലെ വിനോദസഞ്ചാരസാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | സി) | കേരളത്തിലെ മനോഹരങ്ങളായ കടൽ തീരങ്ങളും, ചരിത്രം, പൈതൃകം, സാംസ്കാരികം, വനം, പരിസ്ഥിതി വിഭവങ്ങൾ, മെഡിക്കൽ ടൂറിസം എന്നിവയിലെ വിനോദസഞ്ചാര സാദ്ധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ഇതിനായി കടൽതീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷയും അടിസ്ഥാന സൗകര്യ വികസനവും മുന്നിൽ കണ്ടുള്ള പ്രവർത്തനങ്ങളാവും നടപ്പിലാക്കുക. വിവിധ ടൂറിസം വിഭവങ്ങൾ വിവിധ വകുപ്പുകളുടെ നിയന്ത്രണത്തിലായതിനാൽ ഇക്കാര്യത്തിൽ ഏകോപനം നടത്തുവാനും സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് തീരുമാനമെടുക്കുവാനുമായി വിവിധ വകുപ്പുകളെ ഉൾക്കൊള്ളിച്ച് ഒരു കാബിനറ്റ് സബ് കമ്മിറ്റി സർക്കാർ തലത്തിൽ രൂപീകൃതമായിട്ടുണ്ട്. |
| ഡി) | പാരമ്പര്യവിനോദസഞ്ചാര കേന്ദ്രങ്ങൾക്കുപരി പുത്തൻ വിനോദസഞ്ചാരമേഖലകൾ തുറന്നെടുക്കുന്നതിന് ശ്രമം നടത്തുമോ; വിശദമാക്കുമോ? | ഡി) | പാരമ്പര്യവിനോദസഞ്ചാര കേന്ദ്രങ്ങൾക്കുപരി പുത്തൻ വിനോദസഞ്ചാരമേഖലകൾ തുറന്നെടുക്കുന്നതിന് ശ്രമം നടത്തും. ഇതിനായി പുതിയ ആശയങ്ങൾ സ്വരൂപിക്കാനും അവ കർമ്മ പഥത്തിൽ എത്തിക്കാനും ശ്രമം തുടങ്ങിക്കഴിഞ്ഞു. |

**സെക്ഷൻ ഓഫീസർ**